എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ

237 (4228) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. വകുപ്പ് മുഖേന എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആരെല്ലാമാണ് സഹകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പോർട്ടലിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി.ജി.) എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. എസ്.എസ്.ഡി.ജി. വഴിയുള്ള ആദ്യഘട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ _http:// eservices.kerala.gov. in എന്ന വിലാസത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഈ പോർട്ടൽ വഴി വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഗ്രാമവികസനം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ആറ് സേവനങ്ങൾ നിലവിൽ ലഭ്യമാണ്.

(സി) കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ മുഖാന്തിരം നടപ്പാക്കുന്ന ഈ പദ്ധതി വിവിധ സർക്കാർ വകുപ്പുകളും, സി-ഡാക്ക്, സി-ഡിറ്റ്, ഐ.ആന്റ് പി. ആർ.ഡി, എൻ.ഡി.എം.എൽ, സ്റ്റേറ്റ് ഇ-മിഷൻ ടീം എന്നിവരുടെയും സഹകരണത്തോടെയാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്.

(ഡി) വിവരാധിഷ്ഠിത സേവനങ്ങൾ, ഓൺലൈൻ സേവനങ്ങൾ എന്നീ രണ്ട് തരത്തിലുള്ള സേവനങ്ങളാണ് സ്റ്റേറ്റ് ഇ-സർവ്വീസ് പോർട്ടൽ വഴി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ കുറിച്ചുള്ള വിവരങ്ങൾ, സർക്കാർ ഉത്തരവുകൾ, വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിയമങ്ങളുടെയും ചട്ടങ്ങളുടെയും പകർപ്പുകൾ, ജില്ലാ, ബ്ലോക്ക്, വില്ലേജ് അടിസ്ഥാനത്തിലുള്ള അക്ഷയ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയ വിവരാധിഷ്ഠിത സേവനങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാണ്.

2. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, സംസ്ഥാന ജല അതോറിറ്റി, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ ചുവടെ ചേർക്കുന്നു :

Sl.No.	Department	Service
1.	Kerala Water Authority	Application for new water connection
2	VHSE	Application for Migration Certificate
3	VHSE	Application for Equivalency Certificate
4	VHSE	Application for Duplicate Certificate
5	Rural Development	Application for NREGA job
6	Rural Development	Application for IAY

കൊച്ചി സ്മാർട്ട് സിറ്റി

238 (4229) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും പ്രസ്തുത നിർമ്മാണങ്ങൾ എന്തൊക്കെ ആവശ്യത്തിന് വേണ്ടിയെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly